ശ്രീ ഈ. പി. ഗോപാലൻ: സർ, മെഡിക്കൽ കോളേജ് ആശുപത്രിയിൽ രോഗികളെ കിടക്കുന്നതിനു തൊട്ടടുത്താണു് ഇങ്ങനെയൊരു കൺസ്ട്രക്ഷൻ നടത്തിയതു്. അതു കാര്യമായി എടുക്കുന്നില്ലെങ്കിൽ വളരെ അപകടമുണ്ടു്. ഇങ്ങനെയാണെങ്കിൽ ക്ലാസിപ്പണിക്കു് പോകുന്നവർ തങ്ങളുടെ ജീവൻ പണയംവച്ചിട്ടുവേണം ഇവിടത്തെ P. W. വകപ്പിലെ കെട്ടിടനിർമ്മാണത്തിനു പോകാൻ എന്നു വന്നുകൂടും. അതുകൊണ്ടു് ഇക്കാര്യം ഈ സഭാതലത്തിൽ, ചർച്ചചെയ്യേണ്ടതാണെന്നാണു് എന്റെ അഭിപ്രായം. കിട്ടുന്ന വിവരങ്ങളും ശേഖരിച്ചു് അതുവച്ചു് മറുപടിപറഞ്ഞിട്ടു് ഉഴറി മാറുന്നതു ശരിയല്ല. കെട്ടിടം വീഴാനുണ്ടായ കാരണം എന്താണു്; വീണതിനുശേഷം എന്തുചെയ്തു, അതിനകത്തായ പാവപ്പെട്ട പണിക്കാരെ രക്ഷിക്കാൻ എന്തെല്ലാം നടപടികളും സ്വീകരിച്ചു; ഉടനെ എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നെങ്കിൽ മരണം ഒഴിവാക്കാമായിരുന്നില്ലേ, ഇതിന്റെ പണിയുടെ ഉത്തരവാദിത്വം വഹിക്കുന്നവരാരാണു്; പരിശോധനനടത്തിയ ഉദ്യോഗസ്ഥാനരാണു് എന്നിങ്ങനെ ഇതിന്റെ നാനാവശത്തെസംബന്ധിച്ചും കാര്യമായി ഈ സഭയിൽ ചർച്ചചെയ്യണമെന്നാണു് എന്റെ ഉറച്ച അഭിപ്രായം.

സർ, ഇന്നലെ വൈകുന്നേരം ഞങ്ങളും സംഭവസ്ഥലത്തു പോയിരുന്നു. ഇടിഞ്ഞുവീണ കാൺക്രീറു പണികളും പരിശോധിച്ചതിൽ, കാൺക്രീറു വെറും മൺകട്ടപോലെ പൊടിയുന്നതായികണ്ടു. വേണ്ടപോലെ സിമന്റു് ചേർത്തു ഉറപ്പായി കെട്ടിയിരുന്നതല്ല അതെന്നു കാണാൻകഴിഞ്ഞു. ഈ നിയമസഭയിൽതന്നെ മുൻപു പലപ്പോഴും പരാമർശിച്ചിട്ടുള്ളതാണു്, സിമന്റു ഉപയോഗിക്കുന്നതിൽ കാണിക്കുന്ന കഠോരമായ കൃത്രിമത്തെപ്പറ്റി. ഇങ്ങനെയുള്ള പലതും വ്യക്തമാകാൻ ഈ കാര്യം ഈ സഭയിൽ ചർച്ചചെയ്യാൻ അനുവദിക്കണമെന്നപേക്ഷിക്കുന്നു. ആ ഉദ്ദേശത്തിലാണു് ഈ പ്രമേയം ഞാൻ ഇവിടെ അവതരിപ്പിച്ചിരിക്കുന്നതു്. മനുഷ്യജീവിതം പ്രാധാന്യമുള്ളതാണെന്നു കരുതുന്നുണ്ടെങ്കിൽ, മനുഷ്യജീവിതത്തിനു് വല്ല വിലയും നമ്മുടെ സംസ്ഥാനത്തു കല്പിക്കപ്പെടുന്നുണ്ടെങ്കിൽ ഈ സംഗതി ഈ സഭ ചർച്ചചെയ്യണമെന്ന ഉറച്ച അഭിപ്രായം ഈ സഭയുടെ മുൻപാകെ ഞാൻ വയ്ക്കുകയാണു്. മനുഷ്യജീവിതത്തിനു് യാതൊരു പ്രാധാന്യവും കല്പിക്കുന്നില്ലെങ്കിൽ, പാവപ്പെട്ട തൊഴിലാളികളും എലികളെപോലെ ചത്തുപോകുന്നതു കണ്ടുകൊണ്ടുനിൽക്കുകയാണെങ്കിൽ, കഷ്ടം എന്നുപറയുകയല്ലാതെ എന്തു നിവൃത്തി? ഈ വിഷയം നിശ്ചയമായും ഈ സഭയിൽ ചർച്ചചെയ്യാൻ അനുവദിക്കണമെന്നാണു് എനിക്കു് അങ്ങയോടു് അഭ്യർത്ഥിക്കാനുള്ളതു്.

ശ്രീ, എം. പി. ഗോവിന്ദൻനായർ: ഇതിൽ കൂടുതൽ ഗൗരവതരമായി ഈ സംഗതി കൈകാര്യംചെയ്യുന്നതു എങ്ങനെയാണു്. ഇന്നലെ വൈകുന്നേരമാണു സംഭവം ഉണ്ടായതു്. ഇന്നുരാവിലെ അതിനെസംബന്ധിച്ചു് വിശദമായി അന്വേഷിച്ചു് റിപ്പോർട്ടു നൽകാൻ തിരുവനന്തപുരം കളക്ടറെ ചുമതലപ്പെടുത്തിയിട്ടുണ്ടു്.

ശ്രീ. കെ. ഭാസ്കരൻ: രണ്ടു മണിക്കൂർ സമയം തൊഴിലാളികളും അതിനുള്ളിൽ കിടക്കേണ്ടിവന്നു എന്നു പറയുന്നതു ശരിയാണോ?

ശ്രീ. എം. പി. ഗോവിന്ദൻനായർ: എന്റെ അറിവിൽ അങ്ങനെ കിടക്കേണ്ടിവന്നിട്ടില്ല. ഏതായാലും ഈവക കാര്യങ്ങളെല്ലാം അന്വേഷണത്തിൽ അറിയാൻ കഴിയും. ആ വിവരങ്ങളും ഈ സഭയ്ക്കു് അറിയാൻ അങ്ങനെ സൗകര്യമുള്ളതുകൊണ്ടു ഇതിനു ഒരു പ്രത്യേക ചർച്ചയുടെആവശ്യമില്ല.

Mr. Speaker: In the light of the facts stated by the Minister, I withhold consent to the moving of the motion.

Calling attention to matters of urgent Public Importance under Rule 61:

Mr. Speaker: A reply is due to Mr. E. P. Gopalan's notice under Rule 61. The reply will be given by the Minister tomorrow.

LIBRARY ARCHIVES Kerala Legislative Assembly